## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 876 04/03/2020-ലെ മറുപടി**

## മുതുതല പരുതൂർ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| മുതുതല പരുതൂർ സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതി എന്ന് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടുന്നത് എന്നറിയിക്കാമോ? | മുതുതല പരുതൂർ തിരുവേഗപ്പുറ പഞ്ചായത്തുകൾക്കുവേണ്ടി 16 എം. എൽ. ഡി ശേഷിയുള്ള ശുദ്ധീകരണശാലയും, കിണർ, സമ്പ് വാട്ടർ ടാങ്ക്, പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്, മൂന്ന് പഞ്ചയാത്തുകളിലേയ്ക്കുള്ള 360 കി. മീ വിതരണശൃംഖല തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെട്ട ഒരു പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ജലശുദ്ധീകരണ ശാലയ്ക്കും മൂന്ന് പഞ്ചായത്തുകൾക്കുമായി ടാങ്ക് നിർമ്മിക്കുന്നതിനാവശ്യമായ 1.25 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇത് ഏറ്റെടുത്ത് കൈമാറുന്നതിന് ഗ്രാമ പഞ്ചായത്തുകളെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമായാൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്. ഈ പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഭരണാനുമതി ലഭിച്ചാൽ ഈ പദ്ധതി 3 വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കും. |

Renuka Sankar

**സെക്ഷൻ ഓഫീസർ**